| 04-03-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ- നിങ്ങൾ ആത്മീയയാത്രയിലാണ്. നിങ്ങൾക്ക് ദേഹബോധത്തെയും പഴയ ലോകത്തെയും മറന്ന് തിരിച്ച് വീട്ടിലേക്കു പോകണം. ഒരു ബാബയുടെ ഓർമയിലിരിക്കണം..**

**ചോദ്യം** : സാക്ഷിയായി ഏതൊരു കാര്യം ഓരോരുത്തർക്കും സ്വയത്തോട് ചോദിക്കണം?
**ഉത്തരം** : ഏതുപോലെ ബാബ സാക്ഷിയായി ഓരോ കുട്ടികളുടെയും അവസ്ഥ കാണുന്നു-ഇവരുടെ അവസ്ഥ എങ്ങനെയാണ്? ബാബയെ ലഭിച്ച് അതീന്ദ്രിയസുഖത്തിന്റെ അനുഭവം ചെയ്യുന്നുണ്ടോ ഇല്ലയോ? അതേപോലെ സ്വയത്തോടു ചോദിയ്ക്കണം-നമ്മൾ സ്വയത്തെ എത്ര സൗഭാഗ്യശാലിയായി മനസിലാക്കുന്നു? എത്ര സന്തോഷമുണ്ട്? ബാബയിൽ നിന്ന് പൂർണമായും സമ്പത്തെടുത്തുവോ? അവകാശിയാക്കിയോ? യോഗബലത്തിലൂടെ പാപങ്ങളെ ഭസ്മീകരിച്ച് പുണ്യാത്മാവായി മാറിയോ?

**ഗീതം** : രാത്രിയിലെ യാത്രക്കാരാ..... ക്ഷീണിച്ചുപോകരുത്....

**ഓം ശാന്തി**. ഇത് കുട്ടികൾക്ക് മനസിലാക്കിത്തന്നിട്ടുണ്ട്, ഏതുപോലെ ആത്മാവ് ശാന്തസ്വരൂപമാണോ, അതേ പോലെ പരമാത്മാവും ശാന്തസ്വരൂപമാണ്. ഓം എന്നതിന്റെ അർത്ഥവും മനസിലാക്കിത്തന്നിട്ടുണ്ട്-ഓം അർത്ഥം അഹം ആത്മ(ഞാൻ ആത്മ), മമ മായ(എന്റേത് മായ). സന്യാസിമാർ പറയാറുണ്ട്-അഹം ബ്രഹ്മാസ്മി. അവർ ബ്രഹ്മത്തെ ഈശ്വരനെന്നു മനസിലാക്കുന്നു. രചനയെ മായയെന്നും പറയുന്നു. അഹം ബ്രഹ്മാസ്മിക്ക് ഈ അർത്ഥമാണ് അവർ കൊടുക്കുന്നത്. എന്നാൽ ഇതെല്ലാം തെറ്റാണ്. മനുഷ്യർ എന്തെല്ലാം തന്നെ ചെയ്യുന്നുവോ എല്ലാം തന്നെ മനുഷ്യർ കേട്ടതും കേൾപ്പിച്ചതുമായ കാര്യങ്ങളാണ്. ആര് എന്താണോ മനസിലാക്കിക്കൊടുക്കുന്നത്, ഏതൊരു ആചാരമാണോ അതിലുള്ളത്, അതനുസരിച്ച് നടക്കുന്നു. അവരുടെ പേരും പ്രശസ്തമാകുന്നു. ഇതും ഡ്രാമയിലടങ്ങിയിട്ടുള്ളതാണ്. ഇപ്പോൾ ബാബ പറയുന്നു-അല്ലയോ യാത്രക്കാരാ.......എവിടത്തെ യാത്രക്കാരൻ? പരംധാമത്തിലെ യാത്രക്കാരൻ. ഇതാണ് ആത്മീയയാത്ര. ആത്മാക്കൾക്കു വേണ്ടി. ആത്മാക്കൾക്ക് തിരിച്ചുപോകാൻ വേണ്ടിയുള്ള യാത്രയാണ്. തീർച്ചയായും ഒരു ഗൈഡും ആവശ്യമാണ്. വിദേശത്തു നിന്നു വരുമ്പോൾ അവർക്ക് ഗൈഡിനെ ലഭിയ്ക്കാറുണ്ട്. മുഖ്യ മുഖ്യ സ്ഥാനങ്ങളെല്ലാം കാണിച്ചുകൊടുക്കാൻ വേണ്ടി. പരംപിതാപരമാത്മാവിനെയും ഗൈഡ് എന്നാണ് പറയുന്നത്. പുരോഹിതന്മാരെയും ഗൈഡ് എന്നു പറയും. അതുകൊണ്ട് ബാബ പറയുകയാണ്-കുട്ടികളേ, ഇപ്പോൾ ഞാൻ വന്നിരിക്കുകയാണ്, നിങ്ങൾ കുട്ടികളെ തിരിച്ചുകൊണ്ടുപോകുവാൻ. എത്ര ഫസ്റ്റ് ക്ലാസ് യാത്രയാണ്. എന്തിനു വേണ്ടിയാണോ ഭക്തർ അരകല്പമായി ഭക്തി ചെയ്യുന്നത്. പറയുന്നു-വരൂ, ഞങ്ങളെ ഞങ്ങളുടെ പരംധാമത്തിലേക്കു കൊണ്ടുപോകൂ. ഈ ഭൗതികയാത്രകൾ അനേകപ്രകാരത്തിലുണ്ട്.എത്ര ഭൗതികപണ്ഡിതരാണ്? ആത്മീയവഴികാട്ടി ഒന്നേയുള്ളൂ. അവർ പിന്നെ പാണ്ഡവസേനയെയും ശക്തിസേനയെയും കാണിച്ചിട്ടുണ്ട്. യുദ്ധത്തിന്റെയൊന്നും ഒരു കാര്യവുമില്ല. ബാബയിരുന്ന് മനസിലാക്കിത്തരികയാണ്-അല്ലയോ മധുരമായ കുട്ടികളെ, ആദ്യം ഈ നിശ്ചയം ഉണ്ടായിരിക്കണം-തീർച്ചയായും ഇത് അച്ഛനാണ്. നിങ്ങളുടെ ബുദ്ധിയോഗം ബാബയുടെ അടുത്തേക്കു പോകണം. ബാബ വന്നിരിക്കുകയാണ് നമ്മളെ തിരിച്ചുകൊണ്ടുപോകുന്നതിനു വേണ്ടി. ഇവിടെ ഇത് ദു:ഖധാമമാണ്. പതീതലോകം നരകമാണ്. 'ഹെൽ' എന്ന പേരുണ്ടല്ലോ. പാടുന്നുമുണ്ട്-ലെഫ്റ്റ് ഫോർ ഹെവൻലി അബോഡ്....(സ്വർഗ്ഗത്തിലേക്ക് പോയി) തീർച്ചയായും എന്തോ പുതിയ സാധനമുണ്ട്. മനുഷ്യരറിയുന്നില്ല. വെറുതെ പറയുക മാത്രം ചെയ്യുന്നു. ആചാര-രീതികളെന്താണോ അതുതന്നെ പറഞ്ഞുകൊണ്ടിരിക്കുന്നു. ജ്യോതി ജ്യോതിയിൽ പോയി ലയിച്ചു-അർത്ഥം ആത്മാവ് പരമാത്മാവിൽ പോയി ലയിച്ചു. ഇതു ഡ്രാമയാണെന്നും അറിയില്ല. ആത്മാവ് അവിനാശിയാണ്. ആ അവിനാശി ആത്മാവിൽ 84 ജന്മത്തെ പാർട്ടടങ്ങിയിട്ടുണ്ട്. പരമാത്മാവിലും പാർട്ടടങ്ങിയിട്ടുണ്ട്. ഇതിനെയാണ് പറയുന്നത് ഡ്രാമയുടെ ഭാവി. പരമാത്മാവിനെക്കാൾ നിങ്ങൾ കുട്ടികളിലാണ് ജാസ്തി പാർട്ടുള്ളത്. ആദി മുതൽ അന്തിമം വരെ നിങ്ങളുടെ പാർട്ടുണ്ട്. സത്യയുഗത്തിലും ത്രേതായുഗത്തിലും ബാബയുടെ പാർട്ടില്ല. അവിടെ ബാബയ്ക്ക് ഒന്നും ചെയ്യാനില്ല. ഈ സമയത്താണ് ഞാൻ വളരെയധികം സേവ ചെയ്യുന്നത്. നിങ്ങൾ കുട്ടികൾക്കും ഭക്തർക്കും സാക്ഷാത്കാരം ചെയ്യേണ്ടതായിട്ടുണ്ട്. ഭക്തർക്ക് സാക്ഷാത്കാരം ഉണ്ടാവുകയാണെങ്കിൽ അവർ മനസിലാക്കുന്നു-മതി, ഞങ്ങൾ ഈശ്വരനെ പ്രാപിച്ചുവെന്ന്. ഭക്തരുടെ പേര് എത്രയാണ്. അത് ഭക്തരുടെ മാല. ഇത് രുദ്രമാല. ജ്ഞാനമാലയിൽ ഭക്തിയില്ല. അവർ ജ്ഞാനസാഗരനിൽ നി

ന്ന് ജ്ഞാനം ധാരണ ചെയ്ത് ഭക്തരെയും ഉദ്ധരിക്കുന്നു. അവരുടെ തന്നെയാണ് പിന്നെ രുദ്രമാലയുണ്ടാകുന്നത്.

ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസിലാക്കുന്നുണ്ട്-നമ്മൾ ആത്മീയയാത്രയിലാണെന്ന്. ഗൃഹസ്ഥവ്യവഹാരത്തിലിരുന്നുകൊണ്ട് ഓർമ വർധിപ്പിക്കണം. അത് വളരെ മധുരമുള്ള കാര്യമാണ്. ബാബ രചയിതാവുമാണ്, കുട്ടികളെ രചിക്കുന്നുമുണ്ട്. ബ്രഹ്മാമുഖവംശാവലിയാക്കി. എല്ലാവരും പറയുന്നു-നമ്മൾ ശിവബാബയുടെ കുട്ടികളാണെന്ന്. എന്നിട്ട് നിർദ്ദേശം മുഖ്യമായും തരുന്നു-''മൻമനാഭവ''. ഞാൻ വന്നിരിക്കുകയാണ് നിങ്ങളെ പഠിപ്പിക്കുന്നതിന്. 5000 വർഷം മുമ്പും ഞാൻ ഈ രാജയോഗം നിങ്ങളെ പഠിപ്പിച്ചിട്ടുണ്ടായിരുന്നു. ഞാൻ നിരാകാര ആത്മാക്കളോടാണ് സംസാരിക്കുന്നത്. നിങ്ങൾ നിങ്ങളുടെ ശരീരത്തിന്റെ ആധാരമെടുക്കുന്നു. ഞാൻ ഇദ്ദേഹത്തിന്റെ ശരീരത്തെ ആധാരമെടുക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് തിരിച്ചു പോകണം. അതുകൊണ്ട് പഴയ ലോകത്തെ മറക്കണം. ഇതിനെത്തന്നെയാണ് സന്യാസം എന്നു പറയുന്നത്. ആദ്യമാദ്യം നിശ്ചയമുണ്ടായിരിക്കണം-ഞാൻ ആത്മാവാണ്, ദേഹമല്ല. ഈ ദേഹത്തിന്റെ ബോധം മറക്കണം. പഴയ ലോകത്തെ ഉപേക്ഷിക്കണം. ഇപ്പോൾ ഞാൻ തിരിച്ചുകൊണ്ടുപോകാൻ വന്നിരിക്കുകയാണ്. അതുകൊണ്ട് എന്റെ ശ്രീമതത്തിലൂടെ നടക്കൂ. ദേഹസഹിതം ദേഹത്തിന്റെ സർവസംബന്ധങ്ങളും മറക്കൂ. ഒരു ബാബയെ മാത്രം ഓർമിക്കൂ. പരിശ്രമമില്ലാതെ ഏതെങ്കിലും ചക്രവർത്തിപദവി ലഭിക്കുമോ? വിശ്വത്തിന്റെ അധികാരിയായി മാറണം. ഏതു നോളജ് എന്നിലുണ്ടോ അതിപ്പോൾ നിങ്ങളിലുമുണ്ട്. നിങ്ങൾക്ക് വളരെ വ്യക്തമായി പറഞ്ഞുതരുന്നുമുണ്ട്. ബീജത്തിൽ നിന്ന് ഇത്രയും വലിയ വൃക്ഷമുണ്ടാകുന്നു. പിന്നീട് വൃക്ഷത്തിന്റെ ഡീറ്റെയിൽസ് പറയുകയാണെങ്കിൽ വളരെ വിസ്താരമുണ്ട്. ബാബ പറയുന്നു-ഇപ്പോൾ ഈ പഴയ വൃക്ഷത്തെ മറക്കൂ. ഇപ്പോൾ എന്നെ മാത്രം ഓർമിക്കൂ. ഭഗവാനുവാചാ-ഞാൻ നിങ്ങൾക്ക് രാജയോഗവും രചനയുടെ നോളജും തരികയാണ്. ഈ രചന എങ്ങനെയാണ് രചിയ്ക്കുന്നത്, എങ്ങനെയാണ് ഇതിന്റെ വൃദ്ധിയുണ്ടാകുന്നത്. ഇതാണ് ഡ്രാമയെ മനസിലാക്കുക എന്നത്. അതും മനുഷ്യരേ മനസിലാക്കൂ. ഭഗവാൻ പഠിപ്പിക്കുന്നതും മനുഷ്യരെത്തന്നെയാണ്. മുഖ്യമായത് ഗീതയാണ്. ഗീതയുടെ പേരുമുണ്ട്. ഗീതയിൽ ഭഗവാനുവാചാ എന്ന വാക്കുമുണ്ട്. അല്ലാതെ വ്യാസഭഗവാനുവാചാ... എന്നല്ല. പറയുന്നുണ്ട്-കൃഷ്ണഭഗവാൻ ഗീത കേൾപ്പിച്ചു, വ്യാസൻ എഴുതി. അത് മുമ്പേ എഴുതിയിട്ടുണ്ടാവുമല്ലോ. ഈ സമയത്ത് എഴുതിയത് വിനാശമാവുകയും ചെയ്യും. നിങ്ങൾ ഇതെല്ലാം ചേർത്ത് രണ്ടോ നാലോ ആയിരമുണ്ടാക്കും. ആ ഗീതകൾ കോടികളുടെ കണക്കിൽ വരും. വീണ്ടും ഈ പഴയ ശാസ്ത്രം തന്നെ ആവർത്തിക്കും. ഇതിൽ നിന്ന് പിന്നീട് കോപ്പി ചെയ്യും. ആ ഗീതയിലെ വാക്ക് അതേ പോലെത്തന്നെ വീണ്ടും വരും. ഡ്രാമയിൽ ഇതെല്ലാം അടങ്ങിയിട്ടുള്ളതാണ്. ഏതു സമയത്താണോ ശാസ്ത്രം എഴുതിയിട്ടുള്ളത് അതേ സമയത്ത് വീണ്ടും എഴുതും. തീർച്ചയായും ലക്ഷ്മീനാരായണനും അവർ തന്നെ വീണ്ടുമാകും. ഈ സമയത്ത് ബാബ ഈ കല്പവൃക്ഷത്തിന്റെയും ഡ്രാമയുടെയും ജ്ഞാനം തന്നിരിക്കുന്നു. പറയുന്നു-നിങ്ങളിപ്പോൾ കണ്ടുമുട്ടിയിരിക്കുന്നു. കല്പകല്പം ഇതുപോലെ കണ്ടുമുട്ടും. ഭഗവാനുവാചാ എന്ന് എഴുതിവെച്ചിട്ടുമുണ്ട്. ഞാൻ നിങ്ങൾക്ക് രാജയോഗം പഠിപ്പിക്കുകയാണ്. ഭഗവാൻ പുതിയ സൃഷ്ടി രചിയ്ക്കുകയാണ്. തീർച്ചയായും അവരെ രാജാവാക്കി മാറ്റുക തന്നെ ചെയ്യും. ദ്വാപരത്തിലേതാക്കില്ലല്ലോ? പറയാറുണ്ട്-കൽപകൽപം ഞാൻ സംഗമയുഗത്തിൽ തന്നെയാണ് വരുന്നതെന്ന്. ഗൈഡ് അന്തിമം വരെ കൂടെയുണ്ടാകുമല്ലോ. മറ്റു ഗുരുക്കന്മാരൊക്കെ മരിച്ചുപോയാൽ പിന്നെ അവരുടെ പിൻഗാമികൾ സിംഹാസനത്തിലിരിക്കും. ബാബ പറയുന്നു-എനിയ്ക്കാണെങ്കിൽ നിങ്ങളെയൊക്കെ തിരിച്ചുകൊണ്ടുപോകണം. ഞാൻ എന്റെ സമയത്താണ് വരുന്നത്. ഈ കാര്യങ്ങളൊന്നും ആർക്കും മനസിലാക്കിത്തരാൻ സാധിക്കില്ല. മൻമനാഭവയെന്ന വാക്ക് ഗീതയിൽ ആദ്യം മുതൽ അവസാനം വരെയുണ്ട്. ഇതുതന്നെയാണ് പറയുന്നത്-എന്നെ ഓർമിക്കൂ. ഞാൻ നിങ്ങളെ വിശ്വത്തിന്റെ അധികാരി ഈ ലക്ഷ്മീ-നാരായണനെപ്പോലയാക്കി മാറ്റും. രാജാക്കന്മാരുടെയും രാജാവാക്കി മാറ്റും. അതേ സൂര്യവംശികുലത്തിൽ ചന്ദ്രവംശികുലത്തിൽ നിങ്ങൾ പുനർജന്മം എടുക്കും. ഇപ്പോൾ നിങ്ങൾ കലിയുഗത്തിലാണ്. കലിയുഗത്തിൽ നിന്ന് നിങ്ങളെ സത്യയുഗത്തിലേക്ക് കൊണ്ടുപോവുകയാണ്.

ഞാൻ കൽപകൽപം വന്ന് സ്ഥാപന ചെയ്യുന്നു. ഈ സമയത്തു തന്നെയാണ് വരുന്നത്. ഞാനും ഡ്രാമക്ക് വശപ്പെട്ടിരിക്കുകയാണ്. സാക്ഷിയായി ഓരോരുത്തരുടെയും അവസ്ഥ നോക്കിക്കാണുകയാണ്-ഇവരുടെ അവസ്ഥ എങ്ങനെയാണ്? പരിധിയില്ലാത്ത അച്ഛനെ ലഭിച്ചിട്ട് അതീന്ദ്രിയസുഖമുണ്ടാവുന്നുണ്ടോ ഇല്ലയോ? ഓരോരുത്തരും അവരവരുടെ ഹൃദയത്തോടു ചോദിയ്ക്കൂ-നമ്മൾ സ്വയത്തെ എത്ര സൗഭാഗ്യശാലിയായി മനസിലാക്കുന്നുണ്ട്? ബാബയുടെ കുട്ടിയായി മാറിയെങ്കിൽ ബാബയിൽ നിന്ന് പൂർണമായും സമ്പത്തെടുത്തുവോ? ഇങ്ങനെയുമില്ല-ബാബ എല്ലാവരെയും ലക്ഷ്മീനാരായണനാക്കി മാറ്റും. ഇത് പഠിത്തമാണ്, ആര് എത്ര പുരുഷാർത്ഥം ചെയ്യുന്നുവോ അത്രയും ലഭിക്കും. സ്കൂളിൽ പഠിക്കാൻ പോകുമ്പോൾ

ഒരു ലക്ഷ്യം ഉണ്ടായിരിക്കുമല്ലോ. നിങ്ങൾക്കറിയാം-നമ്മളെ 5000 വർഷം മുമ്പത്തെ പോലെ വീണ്ടും ബാബ വന്ന് രാജയോഗം പഠിപ്പിക്കുകയാണ്. ഭഗവാനുവാചാ-ഞാൻ നിങ്ങളെ പതീതമനുഷ്യരിൽ നിന്ന് പാവനദേവതയാക്കി മാറ്റുകയാണ്. ഗോഡ് പഠിപ്പിക്കുകയാണെങ്കിൽ തീർച്ചയായും ഗോഡ് -ഗോഡസ് ആക്കി മാറ്റുമല്ലോ. ഏതുപോലെ ബാരിസ്റ്റർ ബാരിസ്റ്ററാക്കി മാറ്റുന്നു.. ഭക്തിമാർഗത്തിൽ ഭഗവതീഭഗവാനെന്നു പറയുന്നു. എന്നാൽ ദേവീദേവതമാരെത്തന്നെയാണ് ഭഗവാൻ ഭഗവതി എന്നും പറയുന്നത്. ആദി സനാതനദേവീദേവതാധർമം എന്നു പറയപ്പെടുന്നു.

നിങ്ങൾക്കറിയാം, എങ്ങനെയാണ് ബാബ വന്ന് നമ്മളെ പഠിപ്പിക്കുന്നത്. മുഖ്യമായ എയിം ഒബ്ജക്റ്റ് ബുദ്ധിയിലുണ്ട്. ചക്രത്തെ ബുദ്ധിയിൽ കറക്കണം. ഗൃഹസ്ഥവ്യവഹാരത്തിലിരുന്നുകൊണ്ട് പവിത്രമായിരിക്കണം. പവിത്രമായി മാറിയില്ലെങ്കിലെങ്ങനെ പവിത്രലോകത്തിന്റെ അധികാരിയായി മാറും? ഈ ഡ്രാമയുടെ രഹസ്യത്തെ ആർക്കും മനസിലാക്കാൻ സാധിക്കില്ല. ഈ ചിത്രം മുതലായവയും ബാബ തന്നെ ഉണ്ടാക്കിച്ചതാണ്. ബാബ ആർട്ടിസ്റ്റ് ആയിരുന്നില്ല. ഈ സാധനങ്ങൾ വേറെയാർക്കും ഉണ്ടാക്കാൻ സാധിക്കില്ല. ഇത് മാപ്പുകളാണ്. ഇത് വൃക്ഷമാണ്, ബീജം മുകളിലാണ്. കല്പവൃക്ഷത്തിനു ചുവട്ടിൽ ജഗദംബ ഇരിക്കുന്നുണ്ട്. ഈ ജഗദംബയാണ് എല്ലാവരുടെയും മനോകാമന പൂർത്തീകരിക്കുന്നത്. സത്യയുഗത്തിൽ ദു:ഖത്തിന്റെ അടയാളം പോലുമില്ലായിരുന്നു. നിങ്ങളും പറയുന്നു-ഞങ്ങൾ പുതിയ ലോകത്തിന്റെ അധികാരിയായി മാറുകയാണ്. മനുഷ്യനിൽ നിന്ന് ദേവതയാക്കി മാറ്റി, യുദ്ധമൊന്നും ചെയ്യാതെ....സിക്കുകാർ അവരുടെ മഹിമ പാടുന്നു. ദേവീദേവതമാർ സ്വർഗത്തിന്റെ അധികാരിയായിരുന്നു. അവരിപ്പോൾ മറ്റു ധർമങ്ങളിലേക്ക് കൺവർട്ടായിരിക്കുകയാണ്. പിന്നീട് അവരും വരും. നമ്മളും ആദ്യം ഹിന്ദുധർമം എന്ന് എഴുതിയിരുന്നു. ഇപ്പോൾ നമ്മൾ പറയുന്നു-ബ്രാഹ്മണധർമത്തിലേതാണെന്ന്. ഒരുപക്ഷേ നമ്മൾ ബ്രാഹ്മണധർമം എന്ന് എഴുതിയേക്കാം. എന്നാൽ അവർ ഹിന്ദു എന്നുതന്നെയാണ് പിന്നെയും മനസിലാക്കുന്നത്, എന്തുകൊണ്ടെന്നാൽ അവരുടെ കൈയിലുള്ള ഫോറത്തിൽ ബ്രാഹ്മണധർമത്തിന്റെ കോളമേ ഇല്ല. നമ്മൾ ദേവീദേവതാ എന്നു പറയുമ്പോൾ അതിനെ മാറ്റി ഹിന്ദു എന്നെഴുതും, എന്തുകൊണ്ടെന്നാൽ ബ്രാഹ്മണൻ അഥവാ ദേവീദേവതാധർമത്തിന്റെ പേരു തന്നെ അപ്രത്യക്ഷമായിരിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസിലാക്കുന്നുണ്ട്-ദേവതയാകാൻ വേണ്ടി പുരുഷാർഥം ചെയ്യുകയാണ്. അവിടെ എങ്ങനെയാണോ രാജാവും റാണിയും അതേപോലെത്തന്നെയാണ് പ്രജകളും. എല്ലാവർക്കും ഈ ലക്ഷ്മീനാരായണനെപ്പോലെത്തന്നെയാണ് ഡ്രസ് ഉണ്ടാവുക. പീതാംബരം- ഇതാണ് സത്യയുഗത്തിലെ സൂര്യവംശത്തിലെ ഡ്രസ്. ത്രേതായുഗത്തിൽ രാമരാജ്യത്തിൽ പിന്നീട് വേറെ ഡ്രസായിരിക്കും. ആചാര- രീതികൾ വ്യത്യസ്തമായിരിക്കും. കൃഷ്ണനെ എപ്പോഴും പീതാംബരധാരി എന്നാണ് പറയുന്നത്.
അതുകൊണ്ട് ഇപ്പോൾ ഈ നിശ്ചയമുണ്ടായിരിക്കണം- ബാബ നമ്മൾക്ക് സ്വർഗത്തിന്റെ സമ്പത്ത് തരികയാണ്. ഈ മൃത്യുലോകം അവസാനിക്കാൻ പോവുകയാണ്. എപ്പോൾ നിങ്ങൾ നിരന്തരം ബാബയെ ഓർമിച്ചുകൊണ്ടിരിക്കുന്നുവോ അപ്പോൾ സമ്പൂർണനിർവികാരിയായി മാറും. അതേ യോഗബലത്തിലൂടെ പാപങ്ങളും ഇല്ലാതായിക്കൊണ്ടിരിക്കും. പുണ്യാത്മാവായി മാറിക്കൊണ്ടിരിക്കും. നിങ്ങൾ ബാബയുടെ അടുത്ത് സമർപ്പണമാവുകയാണ്, പുണ്യം ചെയ്യുകയാണ്. പിന്നീട് ആത്മാവ് പവിത്രമായിക്കൊണ്ടേയിരിക്കും. ആർക്കെങ്കിലും മനസിലാക്കിക്കൊടുക്കാനും വളരെ സഹജമാണ്. ഭഗവാനുവാച എപ്പോഴാണ് കേട്ടത്? സ്വർഗത്തിന്റെ സ്ഥാപന ചെയ്യുന്നവൻ അതേ ഫാദർ തന്നെയാണ്. ബാബയെയും സമ്പത്തിനെയും ഓർമിക്കൂ. മഹാരാജാവായി മാറാൻ ആഗ്രഹിക്കുന്നുവെങ്കിൽ പറയൂ-നിങ്ങൾ എത്ര പ്രജകളെ ഉണ്ടാക്കി? ചിലർ ഇങ്ങനെയൊക്കെ എഴുതാറുണ്ട്-ഇന്നയാൾ എനിക്ക് ദൃഷ്ടി തന്നു. അസ്ത്രം തറച്ചു. പ്രജകളെയുണ്ടാക്കുന്നതിനും അവകാശിയാക്കി മാറ്റുന്നതിനും പരിശ്രമം ചെയ്യേണ്ടതുണ്ട്. പ്രജകൾ വളരെ സഹജമായി ഉണ്ടാവും. പിന്നീട് സിംഹാസനത്തിലിരിക്കുന്നതാരാണ്! ഇതും പരിശ്രമിച്ച് ഉണ്ടാക്കണം. മായാജീത്തും ജഗത്ജീത്തുമായി മാറണം. മായയോട് തോറ്റാൽ തോറ്റു. ബാബയിൽ നിന്ന് ശക്തിയെടുക്കണം. ഈ പരിശ്രമം നിങ്ങൾ കുട്ടികൾക്ക് ചെയ്യണം. എന്തെങ്കിലും കാര്യത്തിൽ സംശയമുണ്ടെങ്കിൽ ചോദിച്ചുകൊണ്ടിരിക്കൂ. ബാബ പഠിപ്പിക്കുകയാണെങ്കിൽ അതിൽ പിന്നെ ഒരു സംശയവും ഉണ്ടാകരുതല്ലോ. അനേകതരത്തിലുള്ള സങ്കൽപങ്ങളുടെ കൊടുങ്കാറ്റ് വരും. ബുദ്ധിയോഗം മുറിക്കുന്നതിനുള്ള പരിശ്രമം ചെയ്യും. കൊടുങ്കാറ്റു വരും. മായ ഒരുപാടു ബുദ്ധിമുട്ടിക്കും. എന്നിട്ടു പറയും-എന്റെ ബുദ്ധി തന്നെ മോശമായിരിക്കുന്നു. ഇത്രയും കാലം ഇല്ലാത്ത അസുഖങ്ങളൊക്കെ ഇപ്പോൾ ഉണ്ടാകുന്നു. വിഘ്നങ്ങൾ ഒരുപാടു വരും, ഇതിൽ ദുർബലരാവരുത്. ശരി. ബാപ്ദാദയുടെയും മധുരമധുരമായ മമ്മയുടെയും കളഞ്ഞുപോയി തിരികെകിട്ടിയ കുട്ടികളെ പ്രതി സ്നേഹസ്മരണയും നമസ്തേയും.

**ധാരണക്കുള്ള മുഖ്യമായ സാരം -**

1. ബാബ ഏതൊരു ഫസ്റ്റ്ക്ലാസ് യാത്രയാണോ പഠിപ്പിച്ചിട്ടുള്ളത്, ആ ആത്മീയ യാത്രയിലിരിക്കണം. ശ്രീമതത്തിലൂടെ ദേഹസഹിതം സർവ്വവും മറക്കണം.

2. ഒരിക്കലും മായയുടെ കൊടുങ്കാറ്റിൽ ദുർബ്ബലരാവുകയോ സംശയബുദ്ധിയാവുകയോ ചെയ്യരുത്. ഏതെങ്കിലും കാര്യത്തിൽ ആശയക്കുഴപ്പത്തിൽ വരരുത്.

## വരദാനം:- സദാ നിറവിന്റെ അനുഭൂതിയിലൂടെ വളഞ്ഞ വഴിയെ നേർവഴിയാക്കി മാറ്റുന്ന ശക്തി അവതാരമായി ഭവിക്കട്ടെ.

സദാ ശക്തികളുടെ, ഗുണങ്ങളുടെ, ജ്ഞാനത്തിന്റെ, സന്തോഷത്തിന്റെ ഖജനാവുകളാൽ നിറഞ്ഞിരിക്കുകയാണെങ്കിൽ നിറവിന്റെ ലഹരിയിൽ വളഞ്ഞ വഴി പോലും നേർവഴിയായി മാറും. അഥവാ കാലിയാണെങ്കിൽ ഇരുട്ടാകും, ഇരുട്ടിൽ തടഞ്ഞ് വീഴുന്നതിലൂടെ കുഴപ്പത്തിലാകും. ആരാണോ ദുർബ്ബലരും കാലിയുമായിട്ടുള്ളവർ അവർ സങ്കൽപങ്ങളുടെ കുഴപ്പത്തിൽ വരുന്നു. ശക്തി അവതാരം അർത്ഥം വളഞ്ഞതിനെ നേരെയാക്കാനുള്ള കരാറെടുക്കുന്നവർ. അങ്ങനെയുള്ള കരാറെടുക്കുന്നവർ ഒരിക്കലും ഇങ്ങനെ പറയുകയില്ല, വഴി വളഞ്ഞതാണെന്ന്. അഥവാ ആരെങ്കിലും വീഴുകയാണെങ്കിൽ ശ്രദ്ധയുടെ കുറവുണ്ട് അല്ലെങ്കിൽ ബുദ്ധിക്ക് നിറവ് ഇല്ല.

## സ്ലോഗൻ:- ആത്മബോധം ധാരണ ചെയ്യുന്നവർ തന്നെയാണ് ആത്മീയ റോസാപുഷ്പം.